# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 612** 08.08.2017-ൽ മറുപടിക്ക്

**കൂടംകുളം ആണവ വൈദ്യുത നിലയത്തിൽ നിന്നും വൈദ്യുതി**

| | ചോദ്യം<br>ശ്രീ. രാജു എബ്രഹാം: | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കൂടംകുളം ആണവ വൈദ്യുത നിലയത്തിൽ നിന്നും കേരളത്തിലേക്ക് വൈദ്യുതി എത്തിക്കുന്നതിലേക്കായി നിർമ്മിക്കുന്ന വൈദ്യുത ലൈനിന്റെ അലൈൻമെന്റ് നിശ്ചയിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ജനവാസ കേന്ദ്രങ്ങളിൽ കൂടിയുള്ള ലൈനിന്റെ നിർമ്മാണം സംബന്ധിച്ച് ആക്ഷൻ കൗൺസിലും വ്യക്തികളും നൽകിയ പരാതികൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിർദ്ദിഷ്ട ഇടമൺ-കൊച്ചി പ്രസരണ ലൈനിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടതിന്റെയും ഇതുമായി ബന്ധപ്പെട്ട് ജനങ്ങൾക്കുള്ള ആശങ്കയും അവ്യക്തതയും പരിഹരിക്കേണ്ടതിന്റെയും ആവശ്യകതയെക്കുറിച്ച് വിശദമായ ചർച്ച നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഒരു പ്രത്യേക നഷ്ടപരിഹാര പാക്കേജ് പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഇതിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; | (സി) | ഈ ലൈനിന്റെ നിർമ്മാണം 2018 ഡിസംബറിൽ പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| (ഡി) | വീടുകൾ നഷ്ടപ്പെടുന്നവർക്ക് മാർക്കറ്റ് വില നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | ഈ പദ്ധതിയ്ക്ക് ലൈൻ വലിക്കുന്നതിലേക്കായി സ്ഥലം ഏറ്റെടുക്കുകയോ ഒരാളെയെങ്കിലും കുടി ഒഴിപ്പിക്കുകയോ വേണ്ടിവരില്ല. |

(signature)

**സെക്ഷൻ ഓഫീസർ**